## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല – കരൂർ ഗ്രാമപഞ്ചായത്ത് - 1997-98 മുതൽ 1999-2000 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ) നം.3422/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 19.11.2015

പരാമർശം: 1.പഞ്ചായത്ത് ഡയറക്ടറുടെ 04.04.2014 തീയതിയിലെ എം3-11252/14 നം. കത്ത്

2.കരൂർ ഗ്രാമപഞ്ചായത്തിന്റെ 28.06.2013 തീയതിയിലെ യോഗത്തിലെ IV/ I (4)-ാം നമ്പർ തീരുമാനം.

### ഉത്തരവ്

കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിലെ 1997-98 മുതൽ 1999-2000 വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട് II(4) പ്രകാരം 1999-2000 വർഷത്തിൽ പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ മുൻകൂർ അനുമതിയില്ലാതെ ചെലവഴിച്ച 1,98,900 രൂപയും, പാർട്ട് II(12) പ്രകാരം 1997-98 വർഷം ഏറ്റെടുത്ത വേങ്ങാനം വയൽ മുക്കാടിക്കൽ റോഡ് എന്ന പദ്ധതിയിൽ അധികമായി ചെലവഴിച്ച 26307 രൂപയും സർക്കാർ സാധൂകരണം നേടണമെന്നും നിർദ്ദേശിച്ചിരുന്നു. സർക്കാർ സാധൂകരണം നൽകണമെന്ന കരൂർ ഗ്രാമപഞ്ചായത്തിന്റെ പരാമർശം 2-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1-ലെ കത്ത് പ്രകാരം സാധൂകരണത്തിനായി പഞ്ചായത്ത് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

സ്വന്തമായി ഭൂമിയില്ലാതെ റോഡ് പുറമ്പോക്കിൽ കുടിൽ നിർമ്മിച്ച് താമസിച്ച് വന്ന 13 നിർധന കുടുംബങ്ങൾക്ക് തലചായ്ക്കാനൊരിടം ലഭ്യമാക്കുക എന്ന സദുദ്ദേശപരമായ ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയായതിനാലാണ് സാധൂകരണത്തിന് അപേക്ഷിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം അറിയിച്ചിട്ടുണ്ട്. 1997-98 വർഷം, വേങ്ങാനം വയൽ മുക്കാടിക്കൽ റോഡ് എന്ന പദ്ധതിയിൽ എസ്റ്റിമേറ്റിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ വേല

ചെയ്ത വകയിൽ അധികമായി ചെലവഴിച്ചതിന് ഇത്രയും നാളുകൾക്ക് ശേഷം ഡിപിസി അംഗീകാരം വാങ്ങുക പ്രായോഗികമല്ലെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സദുദ്ദേശപരമായ പ്രവൃത്തിയായതിനാലും, പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാലും മറ്റ് ക്രമക്കേടുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാലും, പരാമർശം 1-ലെ അപേക്ഷ, പരാമർശം 2-ലെ യോഗ തീരുമാനം എന്നിവ പരിഗണിച്ചും മേലിൽ ഇത്തരം വീഴ്ച ഉണ്ടാകരുതെന്ന കർശന നിർദ്ദേശത്തോടെയും കരൂർ ഗ്രാമപഞ്ചായത്തിലെ 1997-98 മുതൽ 1999-2000 വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട് II(4) പ്രകാരം 1999-2000 വർഷത്തിൽ പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ മുൻകൂർ അനുമതിയില്ലാതെ ചെലവഴിച്ച 1,98,900/-(ഒരു ലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപക്കും, പാർട്ട് II(12) പ്രകാരം 1997-98 വർഷം ഏറ്റെടുത്ത വേങ്ങാനം വയൽ മുക്കാടിക്കൽ റോഡ് എന്ന പദ്ധതിയിൽ അധികമായി ചെലവഴിച്ച 26,307/- (ഇരുപത്താറായിരത്തി മുന്നൂറ്റിയേഴ് രൂപ മാത്രം) രൂപക്കും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കരൂർ ഗ്രാമ പഞ്ചായത്ത്, കോട്ടയം ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം.തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ